# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# സ്കൂൾ വിവരങ്ങൾ

- റവന്യൂ ജില്ല : പാലക്കാട്
- സ്കൂൾ കോഡ് : 21084
- സ്കൂളിന്റെ പേര് : കെടിഎം എച്ച് എസ് മണ്ണാർക്കാട്
- മേൽവിലാസം : കെടിഎം എച്ച് എസ് മണ്ണാർക്കാട്,
  മണ്ണാർക്കാട് പി ഒ
  പാലക്കാട്
- പിൻകോഡ് : 678582
- ഫോൺ നമ്പർ : 04924224922
- ഇമെയിൽ അഡ്രസ് : ktmhsmannarkkad@gmail.com
- മുനിസിപ്പാലിറ്റി : മണ്ണാർക്കാട്
- സബ്ജില്ല : മണ്ണാർക്കാട്
- ക്ലാസുകൾ : 5 മുതൽ 10 വരെ
- പഠനമാധ്യമം : മലയാളം ഇംഗ്ലീഷ്

# ആമുഖം

കെ.ടി.എം ഹൈസ്കൂൾ മണ്ണാർക്കാട് ,മണ്ണാർക്കാട് നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് . മണ്ണാർക്കാട് മൂപ്പിൽ നായർ 1949-ൽ സ്ഥാപിച്ച ഈ വിദ്യാലയം പാലക്കാട്ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്. പാഠ്യ പാഠ്യേതര രംഗത്ത് മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ലയിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂൾ ആണ് ഇത്. തുടർച്ചയായി എസ്എസ്എൽസി പരീക്ഷകളിൽ 100% വിജയം കരസ്ഥമാക്കാൻ കെടിഎം ഹൈസ്കൂളിന് സാധിച്ചിട്ടുണ്ട്. ദേശീയ സംസ്ഥാന തലങ്ങളിൽ വിവിധ സ്കോളർഷിപ്പ് മത്സര പരീക്ഷകളിൽ പരിശീലനം നൽകുകയും മികവർന്ന വിജയം നേടുകയും ചെയ്തിട്ടുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് .ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അത് അപ്പപ്പോൾ തന്നെ പരിഹരിക്കുകയും ചെയ്യുന്നു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി അക്കാദമിക് രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ബൗദ്ധിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പിടിഎ ,പൂർവ്വ വിദ്യാർത്ഥികൾ ,നാട്ടുകാർ ,ജനപ്രതിനിധികൾ ,ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണം ഉറപ്പുവരുത്താൻ കഴിയുന്നു.

സ്കൂൾ വിഭാവനം ചെയ്യുന്ന വികസന ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങൾ ആയി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മാറുമെന്ന് പ്രതീക്ഷിക്കാം.

# കെടിഎം ഹൈസ്കൂൾ ചരിത്രം

തന്റെ നാട്ടിലെ കുട്ടികൾക്ക് പഠിക്കാനായി അന്നത്തെ നാടുവാഴിയായ കുന്നത്താട്ട് മാടമ്പ് സ്വരൂപം താത്തുണ്ണി മൂപ്പിൽ നായർ സ്ഥാപിച്ച വിദ്യാലയം 1949 മുതൽ പ്രവർത്തനം ആരംഭിച്ചു 75 വർഷം പിന്നിട്ട മഹത്തായ ഒരു ചരിത്രവും പാരമ്പര്യവും സ്കൂളിനുണ്ട് . പ്രാഥമിക വിദ്യാഭ്യാസത്തിന് ഒരു സൗകര്യവും ഇല്ലാതിരുന്ന കാലത്ത് മണ്ണാർക്കാട് മൂപ്പിൽ നായർ ഇവിടെ ഒരു വിദ്യാലയം സ്ഥാപിക്കുകയും ജാതിമത ധനിക ദാരിദ്ര്യഭേദങ്ങളില്ലാതെ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസ സൗകര്യം ഒരുക്കുകയും ചെയ്ത ഒരു ചരിത്രവും പാരമ്പര്യവും നാമിന്നും നന്ദിപൂർവ്വം പ്രയോജനപ്പെടുത്തുകയാണ് . ഇന്നേവരെ ഒരാൾക്കും ഈ സ്ഥാപനം വിദ്യ നിഷേധിച്ചിട്ടില്ല സമൂഹത്തിലെ സമസ്ത മേഖലകളിലും തിളങ്ങിനിൽക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ ഞങ്ങളുടെ അഭിമാനം തന്നെയാണ്

സ്കൂളിന്റെ പ്രഥമപ്രധാന അധ്യാപകൻ ശ്രീ രാഘവ വാര്യരായിരുന്നു . വിവിധ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ച പൂർവ്വ വിദ്യാർത്ഥികൾ ഈ സ്കൂളിന്റെ സംഭാവനകളാണ്

ഒരുകാലത്ത് മണ്ണാർക്കാട് നഗര ഹൃദയത്തിൽ തലയുയർത്തി നിന്നിരുന്ന ഈ വിദ്യാലയം പല പരീക്ഷണ ഘട്ടങ്ങളിലൂടെയും കടന്നുപോയി . സ്കൂളിന്റെ നിലവാരത്തെ അളക്കുന്ന അളവുകോൽ ആണല്ലോ എസ്എസ്എൽസി റിസൾട്ട് 90 കളിൽ 10% ത്തിൽ താഴെയായിരുന്ന റിസൾട്ട് അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും അഭ്യുദയകാംക്ഷികളുമായ നാട്ടുകാരുടെയും കൂട്ടായ ശ്രമഫലമായി 2015 മാർച്ച് മുതൽ 100% കരസ്ഥമാക്കി വരുന്നു

# കെടിഎം ഹൈസ്കൂൾ ഇന്ന്

21 ഹൈസ്കൂൾ അധ്യാപകരും 18 യുപി അധ്യാപകരും 6 അനധ്യാപകരും അടങ്ങുന്ന സ്റ്റാഫ്. 900 വിദ്യാർഥികൾ തുടർച്ചയായി എസ്എസ്എൽസി പരീക്ഷയ്ക്ക് 100%. പാഠ്യ പാഠ്യേതര രംഗത്തും ഏറെ മികവ് പുലർത്തുന്ന സ്കൂൾ പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ ഉള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്

# അക്കാദമികം

# നേട്ടങ്ങൾ

പരീക്ഷയെഴുതിയ മുഴുവൻ കുട്ടികളെയും വിജയിപ്പിച്ച് 100% നേടുന്ന വിദ്യാലയമായി മാറാൻ കഴിഞ്ഞു. യു എസ് എസ്, എൻ എം എം എസ് പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികളെ സജ്ജരാ ക്കുകയും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയും ചെയ്തു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പ്രത്യേകം പരിശീലനം നൽകുന്നത് കുട്ടികളിൽ ആത്മവിശ്വാസം വർധിപ്പിക്കുകയും വിജയത്തിളക്കത്തിലേക്ക് നയിക്കുകയും ചെയ്തു. പ്രവർത്തനങ്ങളിലൂടെ പഠിക്കാൻ ഉതകുന്ന രീതിയിലാണ് ആസൂത്രണം നടത്തു ന്നത്. ലോകത്തിലെ ഏറ്റവും വലിയ ഐടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം സ്കൂളിൽ മികച്ച രീതിയിൽ തന്നെ നടക്കുന്നുണ്ട്. 2024 -25 അധ്യയന വർഷത്തിൽ സബ്ജില്ലാ ഐടി മേളയിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ കഴി ഞ്ഞു. സ്കൗട്ട് ,ഗൈഡ് ,ജെ ആർ സി, ഹരിത സേന ,ടീൻസ് ക്ലബ് ,തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനക ളി ലൂടെ പഠനത്തോടൊപ്പം സേവന മനോഭാവവും വർദ്ധിപ്പിക്കാൻ കഴിയുന്നു .

# അക്കാദമികം

# പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നുണ്ടെങ്കിലും എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലേക്ക് ഉയർന്നില്ല എന്നത് ഒരു പരിമിതിയാണ്. പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയിലൂടെയും പിടിഎ സഹകരണത്തോടെയും ചില ക്ലാസ് മുറികൾ ടൈൽസ് പാകി ഒരുക്കാൻ കഴിഞ്ഞെങ്കിലും മറ്റ ക്ലാസ് മുറികൾ കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ശാസ്ത്ര ലാബ് ഉണ്ട് എങ്കിലും ഫിസിക്സ് കെമിസ്ട്രി ബയോളജി എന്നീ മൂന്ന വിഷയങ്ങൾക്കും പ്രത്യേകത ലാബ് സൗകര്യം സ്കൂളിൽ ഇല്ല എന്നതും ഒരു പരിമിതിയാണ്. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പൂർണ്ണമായ ആശയം സ്വാംശീകരിക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടാകേണ്ടതുണ്ട്. ഐടി ലാബിലും കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഐടി പഠനം കാര്യക്ഷമമാക്കേണ്ടതുണ്ട് ഇതിനായി ജനപ്രതിനിധികളിൽ നിന്നും മറ്റും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

# ഭൗതികം

# നേട്ടങ്ങൾ

നിലവിൽ ആറ് ക്ലാസ് മുറികൾ ടൈൽ പാകി മോടി പിടിപ്പിച്ചിട്ടുണ്ട്. 13 ക്ലാസ് മുറികളിൽ ഹൈടെക് സംവിധാനം ഒരുക്കിയിട്ടുണ്ട്. യുപി ഹൈസ്കൂൾ വിഭാഗം പ്രത്യേക ഐടി ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്. നല്ല നിലയിൽ പരീക്ഷണങ്ങൾ ചെയ്യാൻ ഉതകുന്ന ശാസ്ത്രലാബ് സ്കൂളിന്റെ മറ്റൊരു നേട്ടമാണ്.

# ഭൗതികം

# പരിമിതികൾ

28 ക്ലാസ് മുറികളിൽ 15 എണ്ണം കൂടി ഹൈടെക് നിലവാരത്തിലേക്ക് ഉയരണം. എല്ലാ ക്ലാസ് മുറികളും ടൈൽ പാകുകയും നിലവാരമുള്ള ഇരിപ്പിടങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതുണ്ട്. നിലവിൽ ലൈബ്രറിയിൽ തന്നെയുള്ള റീഡിങ് റൂം സൗകര്യം മറ്റൊരു വിശാലമായ റൂമിലേക്ക് മാറ്റേണ്ടതുണ്ട്. കുട്ടികൾക്ക് ഉച്ച ഭക്ഷണം കഴിക്കാനുള്ള ബോധനശാല നിലവിൽ സ്കൂളിൽ ഇല്ല ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമിക്കണം. കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഉതകുന്ന ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയണം നിലവിലുള്ളവ മെച്ചപ്പെടുത്തുകയും വേണം. ആകർഷകമായി വിധത്തിൽ പൂന്തോട്ടം ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും നല്ലൊരു സ്റ്റേഡിയം ഒരു സ്വപ്നമായി നിലനിൽക്കുന്നു. കായിക പഠനം കാര്യക്ഷമം ആക്കുന്നതിന് ഇവയ്ക്ക് നിർണായക പങ്ക് ഉണ്ട്.

# അക്കാദമിക മികവിനായി

# ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

- ശാസ്ത്രപോഷണ പരിപാടി
- ലബോറട്ടറി നവീകരണം
- ഗണിത ശേഷി വികസനം
- ഭാഷാശേഷി വികസനം
- ലൈബ്രറി ശാക്തീകരണം
- ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
- പ്രതിഭാ പോഷണ പരിപാടി
- ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ
- സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
- പഠനയാത്ര
- സ്കൂൾ മാഗസിനുകൾ
- അധ്യാപക ശാക്തീകരണം
- കലാപരിപോഷണം
- പച്ചക്കറിത്തോട്ടം
- സാഹിത്യ ശില്പശാലകൾ
- മെഡിക്കൽ ക്യാമ്പുകൾ
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
- ഐടി പഠനം കാര്യക്ഷമമാക്കൽ
- ജന്മദിന പുസ്തകം
- ശാസ്ത്ര ഗണിത ശാസ്ത്ര ഐടി  എസ് എസ്  പ്രവൃത്തി പരിചയമേളകൾ
- പിടിഎ കാര്യക്ഷമമാക്കൽ

# പ്രവർത്തനം -വിശദാംശങ്ങൾ

മേഖല :   ഹൈ സ്കൂൾ മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ, എന്നിവ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂൺ | മലയാളം അധ്യാപകർ. | പി. ടി.എ |
| 2. | ഫിലിം ഫെസ്റ്റിവൽ | പാഠഭാഗവുമായി ബന്ധപ്പെട്ടുവരുന്ന സിനിമകൾ പരിചയപ്പെടുത്തുന്നു . | ജൂൺ, ജൂലൈ | മലയാളം അധ്യാപകർ. | മലയാളം ക്ലബ്ബ്. |

| | | | | | |
|---|---|---|---|---|---|
| 3. | സർഗാത്മകശേഷി വളർത്തൽ . | മുഴുവൻ പഠിതാക്കളുടെയും സർഗാത്മ രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം . | മലയാളം അധ്യാപകർ. | മലയാളം ക്ലബ്ബ്. |

മേഖല : യു.പി മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>ഭാഷ കേളി _ അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി,ആസ്വാദനം എന്നിവ വളർത്തൽ<br>(കഥ,കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് ) | ജൂൺ<br>ജൂൺ | മലയാളം അധ്യാപകർ | ജൂൺ |
| 2. | സർഗശേഷി | സാഹിത്യകാരന്മാർ, | വർഷത്തിൽ | | |

| | | | | | |
|---|---|---|---|---|---|
| | വളർത്തൽ. | എഴുത്തുകാർ,കലാകാരന്മ ാർ എന്നിവരുമായുള്ള അഭിമുഖം . | രണ്ട് പ്രാവശ്യം | ഹെഡ്മാസ്റ്റർ മലയാളം അധ്യാപകർ | പി.ടി.എ |

അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക്
കെ ടി എം എച്ച് എസ് മണ്ണാർക്കാട്

| | | | | |
|---|---|---|---|---|
| **മേഖല: അക്കാദമികം** | | **വിഷയം :അറബി** | | |
| പ്രശ്നം : സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു. | | | | |
| ലക്ഷ്യം :എല്ലാ കുട്ടികളേയും മികച്ച വായനക്കാരാക്കുക | | | | |
| **പ്രവർത്തനം** | **ഉപപ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| വായിക്കാം വളരാം | അവസ്ഥാപഠനം | ജൂൺ-19-25 | A T | 100 |
| | വിശകലനം | ജൂൺ- 30 | A T | |
| | വായനാസാമഗ്രികൾ ശേഖരിക്കൽ (കാർഡുകൾ,പുസ്തകങ്ങൾ,....) | ജൂലൈ 1-15 | PTA,A C | 1000 |
| | തുടർ വായന | ജൂലൈ-15 മാർച്ച്-15 | A T | |
| | ആശയാവതരണം | weekly | AC | |
| | വായനാ ഫെസ്റ്റ് | മാർച്ച്-10 | PTA,A C | 1500 |
| പ്രശ്നം :സ്വതന്ത്ര ആശയവിനിമയത്തിന്ന് പ്രയാസം നേരിടുന്നു. | | | | |
| ലക്ഷ്യം: ആശയ വിനിമയശേഷി വർദ്ധിപ്പിക്കൽ | | | | |
| **പ്രവർത്തനം** | **ഉപപ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| Walk with arabic | മെറ്റീരിയൽ ശേഖരിക്കൽ | July-1-25 | PTA,A C | |
| سيروا مع العربية | കേൾക്കാം പറയാം | ജൂൺ-മാർച്ച് | A T | |
| പ്രശ്നം : നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേരിടുന്നു. | | | | |
| ലക്ഷ്യം: എല്ലാ കുട്ടികളേയും നിഘണ്ടു ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നു. | | | | |
| **പ്രവർത്തനം** | **ഉപപ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| വളരുന്ന നിഘണ്ടു | നിഘണ്ടു പരിചയം | ജൂൺ-ആഗസ്റ്റ് | A T | |

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വളരുന്ന നിഘണ്ടു | എന്റെ സ്വന്തം നിഘണ്ടു | സെപ്തംബർ-മാർച്ച് | A C | 500 |
| പ്രശ്നം : പദസമ്പത്തിന്റെ കുറവ് | | | | |
| ലക്ഷ്യം :പദസമ്പത്ത് വർദ്ധിപ്പിക്കൽ,അക്ഷരങ്ങളുടെ സാമ്യ വ്യത്യാസങ്ങൾ തിരിച്ചറിയൽ | | | | |
| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഒരക്ഷരം ഒരുപാട് പദങ്ങൾ | പദച്ചങ്ങല | ജൂൺ-മാർച്ച് | AT | |
| حرف واحد الفاظ عديدة | പദപ്പയറ്റ് | weekly | A T | 500 |
| ക്ലബ്ബ് ശാക്തീകരണം | അലിഫ് അറബിക് രൂപീകരണം | ജൂൺ -25 | | |
| | പ്രവർത്തനക്കലണ്ടർ തയ്യാറാക്കൽ | ജൂൺ - 30 | | |
| | മഹാന്മാരെ അറിയൽ | ജൂലൈ-15 മാർച്ച്-15 weekly | A C | 600 |
| | പതിപ്പ് നിർമ്മാണം | Quarterly | | 300 |
| | ദിനാചരണങ്ങൾ,പോസ്റ്റർ | | | 200 |

പദ്ധതിയുടെ പേര് : മീഠി ഉർദു

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | ഉർദു ഭാഷാ പരിപോഷണവും ഉർദുവിലൂടെ പൊതുവിജ്ഞാന ംo വർദ്ധിപ്പിക്കലും ഉർദു ഭാഷ നിത്യജീവിതത്തിൽ ഉപകാര പ്രദമാക്കലും. | • ക്ലാസ് റൂമിൽ ഉർദുവിലെ വിവിധ ചാർട്ടുകൾ, ഉർദു ലൈബ്രറി , ഉർദു വായനമൂല എന്നിവ തയ്യാറാക്കുന്നു<br>• ക്ലാസ് പ്രവർത്തനങ്ങളിൽ ഉർദുവിലെ ചെറിയ സംഭാക്ഷണങ്ങൾ , ഉർദു കാർട്ടൂൺ, കഥകൾ etc എന്നിവ കാണിക്കുകയും അതിലെ പുതിയ പദങ്ങളും | ജൂൺ മുതൽ മാർച്ച് വരെ | ഉർദു അധ്യാപകൻ | ഉർദു അധ്യാപകൻ |

| | | | | | |
|---|---|---|---|---|---|
| | | അർത്ഥവും കുട്ടികൾ മേരാ  ഗുൽഷനിൽ എഴുതിവെക്കുന്നു.<br><br>• ജീവിതത്തിൽ നാം പതിവായി ഉപയോഗിക്കുന്ന പദങ്ങൾ , വാക്യങ്ങൾ, ക്രിയകൾ എന്നിവ വിദ്യാർത്ഥിക്ക് പരിചയപ്പെടുത്തികൊടുക്ക ുന്നു. അവ അവർ നോട്ട് ബുക്കിൽ എഴുതുന്നു<br><br>• വിവിധ ദിനാചരണങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് വിവിധ മത്സരം നടത്തുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| | | • സ്കൂളിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വന്ന ഉർദു സംസാരിക്കുന്ന കുട്ടികളുമായി ഉർദുവിൽ സംസാരിക്കാൻ കുട്ടികൾക്ക് അവസരം കണ്ടെത്തുന്നു.<br><br>• മേരാ ഗുൽഷനിൽ എഴുതിയ പദങ്ങൾ , ചോദ്യങ്ങൾ etc ഉപയോഗിച്ച് ആഴ്ച്ചയിൽ ഒരു ദിവസം ക്ലാസ് തലത്തിൽ മത്സരം നടത്തുന്നു<br><br>• ആഴ്ച്ചയിൽ നടക്കുന്ന മത്സരങ്ങളിലെ വിജയിക്ക് മീഠി ഉർദു പെട്ടിയിൽ വിവിധ സമ്മാനങ്ങളുടെ | | | |

| | | | | | |
|---|---|---|---|---|---|
| | | പേര് എഴുതിയ കാർഡ് മുഖേന ലഭിച്ച സമ്മാനം നൽകുന്നു<br><br>• മത്സരങ്ങളിലെ വിജയികളുടെ പോസ്റ്റർ തയ്യാറാക്കി പ്രചരിപ്പിക്കുന്നു..<br><br>• കുട്ടികൾക്ക് നൽകിയ ചോദ്യങ്ങൾ ഉപയോഗിച്ച് വർഷാവസാനത്തിൽ മെഗാ ഫിനാലെ നടത്തി വിജയികൾക്ക് മികച്ച സമ്മാനങ്ങൾ നൽകുന്നു | | | |

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ</u>

**മേഖല – അക്കാദമികം** **(UP & HS)** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപ-കരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>etc.. | |

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ</u>

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**

  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**

  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**

  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**

  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**

  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**

  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**

  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**

  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

മേഖല : **English (UP,HS)**

| | OBJECTIVES | ACTIVITIES | DURATION | DUTY IN CHARGE | FINANCE |
|---|---|---|---|---|---|
| 1 | Developing learning and speaking skill | ● Self introduction<br>● Conversation<br>● Debate<br>● Skit<br>● Vocabulary games<br>● Recitation<br>● Role play<br>● Group discussion<br>● Class assembly | 3 months | English teachers | PTA<br>Govt |

| | OBJECTIVES | ACTIVITIES | DURATION | DUTY IN CHARGE | FINANCE |
|---|---|---|---|---|---|
| 2 | Developing Reading skill | Formation of class wise reading groups<br>Newspaper reading Conversations<br>Reads diary<br>Class library<br>Reading corner<br>Donation of books to school library<br>Captions based on given pictures<br>Formation of words and sentences Formation of English Club | 3 months | English teachers | PTA<br>English club |

| | OBJECTIVES | ACTIVITIES | DURATION | DUTY IN CHARGE | FINANCE |
|---|---|---|---|---|---|
| 3 | Developing writing skill | Simple creative writing tasks like<br>● Descriptives<br>● Paragraphs<br>● Thought<br>● Notice<br>● Short stories and simple poetry<br>● Dictation<br>● Class magazine<br>● Essay writing | 3 months | English teachers<br><br>English club | PTA<br>Govt |

| | OBJECTIVES | ACTIVITIES | DURATION | DUTY IN CHARGE | FINANCE |
|---|---|---|---|---|---|
| 4 | Remedial measures for backward students | ● Pretest<br>● word cards<br>● Picture reading<br>● ICT oriented activities<br>● Distribution of simple story books<br>● Vocabulary games | Throughout the year | English teachers | PTA<br>English club |

മേഖല : ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാന്തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചു എടുക്കുക | പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ നിരന്തരം പുസ്തകം വായിച്ച് വായന യിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രങ്ങൾ കഥകൾ അതിന്റെ സിഡി താഴെ ഹിന്ദിയിൽ വാക്യമുള്ളത് | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | കാണിക്കും. | | | |
| 2 | ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും അവരുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3 | ഹിന്ദി സംസാരം ഹിന്ദി സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കും.നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ | ഹിന്ദി തെറ്റിച്ച് അധ്യാപകർ വായിക്കും കുട്ടികൾ അത് ശരിയാക്കി വായിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | പരിചയപ്പെടുത്തു<br>ം. | | | | |

മേഖല : **HS-**ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥാ കവിത എന്നിവ വായിക്കാനുള്ള അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2 | പരചിതമായ അക്ഷരങ്ങളിലൂടെ ഹിന്ദി എന്ന ഭാഷയെ നിർഭയമായി കൈകാര്യം ചെയ്യാൻ പ്രചോദനം നൽകുന്നു. | കുട്ടികളെക്കൊണ്ട് ഹിന്ദി ഭാഷയിൽ സ്വരചനകൾ ഉണ്ടാക്കാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| | മാതൃഭാഷയെ പോലെ ഹിന്ദിയും | പാഠഭാഗവുമായി | | | |

| | | | | | |
|---|---|---|---|---|---|
| 3 | നിർദയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | ബന്ധപ്പെട്ട് സാഹിത്യകാരൻമാരുടെ കൃതികൾ കാണിക്കുവാൻ അവസരം നൽകുന്നു.<br>ഹിന്ദി തിയേറ്ററുകൾ സജ്ജീകരിക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 4. | ജേർണലിസ്റ്റുകൾ , വാർത്തവായനക്കാർ, വിവർത്തകർ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുന്നു. | പ്രശസ്തരുടെ അഭിമുഖം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ<br>പി.ടി.എ |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാ ക്കളെ ബോധവാന്മാരാ ക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങ ളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും [illegible]നം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

ACADEMIC MASTERPLAN - SCIENCE(UP)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | പരീക്ഷണങ്ങളിലൂടെ കുട്ടികളുടെ അവതരണം | ആവശ്യമ◌ുള്ള സന്ദർഭങ്ങളിൽ | സയൻസ് ടീച്ചേഴ്സ് | PTA |
| 2 | ശാസ്ത്രമേളകളിലെ പൂർണ്ണ പങ്കാളിത്തം | പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ മൂന്നുമാസ◌ം | സയൻസ് ക്ലബ്ബ് | PTA |
| 3 | ശാസ്ത്ര ലാബ് നവീകരണം | ഓരോ സബ്ജക്ടിനും ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രത്യേകം സജ്ജീകരിക്കൽ | ജൂൺ മാസം | സയൻസ് ടീച്ചേഴ്സ് | എല്ലാം |
| 4 | പഠന പിന്നോക്കാവസ്ഥയിൽ ഉള്ളവർക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ - കുട്ടി, കുട്ടി -കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | ആഴ്ചയിൽ രണ്ടുദിവസം | SRG | എല്ലാം |
| 5 | ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ഉപയോഗപ്പെടുത്തുന്നു | ആറുമാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചേഴ്സ് | |
| 6 | ജൈവവൈവിധ്യ പാർക്ക് | | | | |

| | | | | | |
|---|---|---|---|---|---|
| | വിപുലപ്പെടുത്തൽ | കൂടുതൽ ചെടികൾ വച്ച് പിടിപ്പിക്കൽ, ഔഷധ ചെടികൾ വെച്ചുപിടിപ്പിക്കൽ | മൂന്നുമാസ | പരിസ്ഥിതി ക്ലബ്ബ്,JRC , SCOUT, GUIDE | PTA |

മേഖല : സയൻസ് (HS)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കൽ. | ● ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു.<br>● കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിപ്പിക്കുന്നു. | അക്കാദമിക വർഷം . | ശാസ്ത്ര അദ്ധ്യപകർ | പി. ടി. എ |
| 2. | മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം | ● സയൻസ് ലാബ്, ഐ.ടി ലാബ് എന്നിവ | അക്കാദമി | | |

| | | | | | |
|---|---|---|---|---|---|
| | വളർത്തൽ. | ആധുനികവൽക്കരിക്കുക. | ക വർഷം | ശാസ്ത്ര അദ്ധ്യാപകർ | പി.ടി.എ, മാനേജ്മെന്റ്. |
| 3. | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ. | ● തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധസസ്യസ്യതോട്ട വും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | കൃഷി വകുപ്പ്, ഹരിതസേന |

മേഖല :  ഗണിതം **(UP, HS)**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ആശയ ധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | ഗണിത അദ്ധ്യാപകർ | |
| 2. | ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ● ക്ലബ് ഉദ്ഘാടനം<br>● ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ<br>● ഗണിതം നിത്യ ജീവിതത്തിൽ- ക്ലാസ്സ് | ഒരു ടേമിൽ ഒന്ന് | അദ്ധ്യാപകർ പി.ടി.എ | പി.ടി.എ |
| 3. | ഗണിത ചിന്ത വളർത്തൽ സംഘബോധം ഉണ്ടാക്കൽ | ഗണിത അസംബ്ലി | ഒരു അക്കാദമിക വർഷത്തിൽ | അദ്ധ്യാപകർ ഗണിത ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| | | | ഒന്ന് | | |
| 4. | നിർമിതികളിലെ ശേഷി കൈവരിക്കൽ | | തുടർ പ്രവർത്തനം | അദ്ധ്യാപകർ | |
| 5. | ഗണിത മൂല | ജ്യാമിതീയ പെട്ടിയുടെ ലഭ്യത ശില്പശാലകൾ<br><br>ഗണിത ക്ലാസിലെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നീ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം തുടർ പ്രവർത്തനം | ഗണിത അദ്ധ്യാപർ കുട്ടികൾ | |
| 6. | ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി അദ്ധ്യാപർ പി.ടി.എ | |